(ഡി) എങ്കിൽ ഇപ്പോൾ പാലക്കാട് ഡിവിഷന്റെ കീഴിലുള്ള റെയിൽവേ സ്റ്റേഷനുകളെ സൗത്ത് വെസ്റ്റേൺ സോണിൽപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) സേലം റെയിൽവേ ഡിവിഷൻ രൂപീകരണം സംബന്ധിച്ച് വിവരങ്ങൾ ഒന്നും തന്നെ റെയിൽവേ അധികൃതർക്ക് ലഭിച്ചിട്ടില്ല.

(ബി) ഈ സ്റ്റേഷനുകൾ സൗത്ത് വെസ്റ്റേൺ സോണിൽപ്പെടുത്തുന്ന കാര്യം റെയിൽവേ അധികൃതർക്ക് ലഭ്യമായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ജലസ്രോതസ്സുകളിലെ മലിനീകരണം തടഞ്ഞ് കുടിവെള്ളം നൽകാൻ നടപടി

119 [2533] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം തടയാനും, കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വെള്ളം ലഭിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം തടയാനുള്ള പദ്ധതികൾ ജല അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പൊതു സ്രോതസ്സുകളുടെ മേൽ ജല അതോറിറ്റിക്ക് നിയന്ത്രണമൊന്നുമില്ല. ഇവയിലെ മലിനീകരണം തടയുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പൊതുജനങ്ങളുടേയും സഹകരണം ആവശ്യമാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയിലെ ജല ലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടി ശുദ്ധജലം എത്തിക്കുന്നു. കൂടാതെ അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ്, വാൽവ് നിയന്ത്രണം എന്നിവ വഴിയും കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ ശ്രമം നടത്തുന്നുണ്ട്.

ചെക്ക് ഡാം നിർമ്മാണം

120 [2541] ശ്രീ. എം. എം. ഹസ്സൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ കോട്ടവാസൽ വനാതിർത്തിയിൽ തമിഴ്നാട് ചെക്ക് ഡാം നിർമ്മിക്കുന്നുണ്ടോ; പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്ന്; എപ്രകാരം;

(സി) ഇതുപോലെ നിരവധി ചെക്ക് ഡാമുകൾ തമിഴ്നാട് നമ്മുടെ വനാതിർത്തിയിൽ നിർമ്മിക്കുന്നുണ്ടോ;

(ഡി) ഉറാതി, മണ്ണണ തുടങ്ങിയ കേരളത്തിന്റെ ടെറിട്ടറിയിൽ നിന്ന് തമിഴ്നാടിന് വെള്ളമൂറ്റുവാൻ ഇവ സഹായകമാകുമോ;

(ഇ) നമ്മുടെ വനാതിർത്തിയിൽ തമിഴ്നാട് ചെക്ക് ഡാം കെട്ടുന്ന സ്ഥലങ്ങൾ തമിഴ്നാട്ടിലെ ജല സ്രോതസ്സുകളോ അവയുടെ സാമീപ്യമോ കൊണ്ട് അനുഗ്രഹീതമാണോ;

(എഫ്) അച്ചൻകോവിൽ നദിയുടെ ജലസ്രോതസ്സ് ആയ സൂക്കിപ്പാറ, ചണ്ടിപ്പാറ, എരുമച്ചാടി ചതുപ്പുകളിൽ നിന്ന് തമിഴ്നാടിന് വെള്ളം ചോർത്തുവാൻ ഈ ചെക്ക് ഡാമുകൾ സഹായകരമാകുമോ;

(ജി) അച്ചൻകോവിലാറിന്റെ ജല സ്രോതസ്സുകളായ പ്രസ്തുത ചതുപ്പുകളെ നിത്യനിരീക്ഷണത്തിനും ജാഗ്രതയ്ക്കും വിധേയമാക്കുവാൻ ഏർപ്പാടുണ്ടാക്കുമോ;

(എച്ച്) വനവാസികൾ, കുടിയേറ്റ കർഷകർ എന്നിവരുൾക്കൊള്ളുന്ന ഒരു സംഘത്തെ നിയോഗിക്കുമോ?

ഉത്തരം

(എ) അച്ചൻകോവിൽ കോട്ടവാസൽ വനാതിർത്തിയിൽ തമിഴ്നാട്ടിലെ മേക്കര ഡാമിന് ഉദ്ദേശം 1 കി. മീ. താഴ്ഭാഗത്തായി വന്നു ചേരുന്ന തമിഴ്നാടിന്റെ എരുമച്ചാടി തോടിൽ തമിഴ്നാട് ഒരു തടയണ നിർമ്മിക്കുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2004 സെപ്റ്റംബർ മാസത്തിലാണ് ഇക്കാര്യം ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടത്. 2004 സെപ്റ്റംബർ മാസം 14-ാം തീയതി മേക്കര ഭാഗങ്ങളിൽ ജല സേചന വകുപ്പിലെ കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും സംഘവും സന്ദർശനം നടത്തിയപ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടത്.

(സി) തമിഴ്നാട് നമ്മുടെ വനാതിർത്തിയിൽ മറ്റു ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) കേരളത്തിലെ അച്ചൻകോവിൽ നദിയിൽ നിന്നും അനധികൃതമായി ജലം ചോർത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനായി വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ടാസ്ക് ഫോഴ്സും ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റിയും ഫീൽഡ് ലെവൽ ടീമും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly